(ബി) സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളുടെ നിലവിലുള്ള പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ പുനഃസംഘടിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ ഓഹരി മൂലധനം, ഫർണിച്ചർ സബ്സിഡി എന്നിവ നൽകി വരുന്നു. സ്കൂൾ സഹകരണ സംഘങ്ങൾക്ക് ഫർണിച്ചർ സബ്സിഡിയായി 10,000 രൂപയും കോളേജ് സഹകരണ സംഘങ്ങൾക്ക് 15,000 രൂപയും നൽകുന്നുണ്ട്. ടി തുക സ്കൂൾ/കോളേജ് സഹകരണ സ്റ്റോറുകൾക്കും, സ്കൂൾ സഹകരണ സംഘങ്ങൾക്കും 25,000 രൂപയായും, കോളേജ് സഹകരണ സംഘങ്ങൾക്ക് 30,000 രൂപയായും വർദ്ധിപ്പിച്ചു കൊണ്ട് 17-5-2010-ലെ ജി.ഒ. (എം എസ്) 81/2010/സഹ.നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ലേബർ സഹകരണ സംഘങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ

16 (4071) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ലേബർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) നിർമ്മാണ രംഗത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന ലേബർ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠിക്കാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; പ്രസ്തുത കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഇത്തരം സംഘങ്ങൾക്ക് ഒരു വിഭാഗം ഉദ്യോഗസ്ഥരിൽ നിന്നും സഹകാര്യ കരാറുകാരിൽ നിന്നും നേരിടേണ്ടിവരുന്ന പീഡനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നിയമ പരിരക്ഷ നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 195 ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ മൂന്നംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly